"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.ബാബു ഒ.എ- യ്ക്ക് എതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.59/2026/LSGD തീയതി,തിരുവനന്തപുരം, 08-01-2026

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08/09/2021 ലെ ഇ12-(എസ്.സി.3/2021/പി.കെ.ഡി)17238/2020 നമ്പർ കത്ത്.
2. 13/07/2022 ലെ ഇപിബി3/96/2022/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3. ശ്രീ. ബാബു ഒ.എ. യുടെ 29/09/2022 തീയതിയിലെ എതിർവാദ പത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15/01/2025 ലെ LSGD/PD/7959/2023-VIGC6 നമ്പർ കത്ത്.
5. സ.ഉ.(സാധാ)നം.876/2025/LSGD തീയതി 31/03/2025.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 30/05/2025 തീയതിയിലെ LSGD/JD/PKD/5388/2023-A2 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് ഈസ്റ്റ് പരിത്തിപ്പുള്ളിയിൽ ശ്രീ.സുരേന്ദ്രൻ എന്നയാൾ ഒരു ഹോട്ടലും റിസോർട്ടും തുടങ്ങുന്നതിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണ അനുമതിക്കായി പഞ്ചായത്ത് സെക്രട്ടറിക്കു നൽകിയ അപേക്ഷ, കൈക്കൂലി കൊടുക്കാത്തതിനാൽ പഞ്ചായത്ത് സെക്രട്ടറിയും അസിസ്റ്റന്റ് എഞ്ചിനീയറും പലകാരണങ്ങൾ പറഞ്ഞ് വൈകിപ്പിക്കുന്നു എന്ന പരാതിയിന്മേൽ വിജിലൻസ് ആന്റ് കറ്പ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

*പരാതിക്കാരൻ നൽകിയ വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷയിൽ അപേക്ഷകനെ സഹായിക്കും വിധമുള്ള യാതൊരു നടപടിയും ഉദ്യോഗസ്ഥൻമാർ സ്വീകരിച്ചിട്ടില്ല എന്നു മാത്രമല്ല ഒരു സംരംഭകനെ ഏതൊക്കെ രീതിയിൽ തടസ്സം സൃഷ്ടിക്കാം എന്നതിന് ഉത്തമ ഉദാഹരണമാണ് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടായിരിക്കുന്നത്. ശരിക്കും ചുവപ്പുനാടയിൽ കെട്ടിയിടുക. ഉദ്യോഗസ്ഥർ ചൂണ്ടികാണിച്ച അപാകതകളെല്ലാം തന്നെ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്ന വേളയിൽ*

*ക്രമവത്ക്കരിക്കപ്പെടാവുന്നതായിട്ടുകൂടിയും ഒട്ടേറെപേർക്ക് തൊഴിൽ ലഭിക്കുന്നതും പഞ്ചായത്തിനു നികുതി വരുമാനം ലഭിക്കുന്നതുമായ പദ്ധതി ഉദ്യോഗസ്ഥരുടെ നിഷേധാത്മക നിലപാടുമൂലം നീണ്ട രണ്ടു വർഷമാണ് വൈകിയത്. ഇത്തരം മെല്ലെപോക്ക് സാമ്പത്തിക ലാഭത്തിന് വേണ്ടിയാണ് എന്നതിന് തെളിവില്ല. അതിലുപരി ആരോപണ വിധേയരായ ഉദ്യോഗസ്ഥരെല്ലാം തന്നെ പരാതിക്കാരന്റെ അപേക്ഷയിന്മേൽ കൂടുതലായി ശ്രദ്ധ ചെലുത്തിയതായി ഫയൽ പരിശോധിച്ചാൽ മനസ്സിലാവുന്നതാണ്. കൂടാതെ ഇത്തരത്തിലുള്ള പരാതിക്കാർ കോടതി ഉത്തരവു പ്രകാരമോ മറ്റോ കെട്ടിടം പണി പൂർത്തിയാക്കിയാൽതന്നെ ടി ഉദ്യോഗസ്ഥർ ഇത്തരം ചുവപ്പുനാടക്കുരുക്കിൽ കുടുക്കുന്ന രീതി അനുവർത്തിക്കുന്നതായി കാണാം. ഇത്തരം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള നിഷേധാത്മക നിലപാടിന് ഉത്തമ ഉദാഹരണമാണ് കുറച്ചു നാൾ മുൻപ് പത്രമാധ്യമങ്ങൾ ആഘോഷമാക്കിയ കണ്ണൂരിലുള്ള ഒരു സംരഭകന്റെ ആത്മഹത്യ. ആരോപണവിധേയരായ ഉദ്യോഗസ്ഥരുടെ നടപടികൾ ആയതിനെ ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള സംഗതിയാണ്.*

2) ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും അവരെ പ്രസ്തുത പഞ്ചായത്തിൽ നിന്നും സ്ഥലം മാറ്റം നൽകുന്നതിനും ഇത്തരം ഉദ്യോഗസ്ഥരുടെ മനോഭാവം മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ശക്തമായ നിർദ്ദേശം ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകണമെന്നുമുള്ള വിജിലൻസിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, മേൽ ക്രമക്കേടിന് ഉത്തരവാദിയായ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്, സെക്രട്ടറി, ശ്രീ. ബാബു ഒ.എ.-ക്കെതിരെ KCS(CC & A) Rules 1960 ചട്ടം 15 പ്രകാരം പരാമർശം (2) കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

3) കുറ്റപത്രത്തിന് ശ്രീ. ബാബു ഒ.എ. പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക പ്രകാരം, 2018-ൽ അനുവദിച്ച Group D occupancy permit അപേക്ഷ, അപേക്ഷകന്റെ തന്നെ അപേക്ഷയുടെ അടിസ്ഥാനത്തിൽ റദ്ദാക്കുകയും 2020-ൽ Group A2 occupancy permit അപേക്ഷയിൽ 2018-ൽ സമർപ്പിച്ച Fire NOC തന്നെ സമർപ്പിച്ചപ്പോൾ സ്ഥലത്തിന്റെ വിസ്തീർണം, റീസർവേ നം, occupancy, Plinth area എല്ലാം വ്യത്യസ്തമായതിനാൽ പുതിയ Fire NOC സമർപ്പിക്കണം എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദേശം അപേക്ഷകനെ അറിയിക്കുക മാത്രമാണ് ചെയ്തത് എന്നും പുതിയ Fire NOC സമർപ്പിക്കാത്തതിനാലാണ് പെർമിറ്റ് അപേക്ഷ പരിഗണിക്കാതിരുന്നത് എന്നും ബോധിപ്പിച്ചിരുന്നു.

4) പ്രതിവാദ പത്രികയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

*പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ ശ്രീ. സുരേന്ദ്രൻ തരൂർ, പനങ്ങോട്ടുകുളം ഹൗസ്, പെരിങ്ങോട്ടുകുറിശ്ശി എന്നയാളുടെ ഉടമസ്ഥതയിലുള്ള പെരിങ്ങോട്ടുകുറിശ്ശി നമ്പർ -1 വില്ലേജിൽപ്പെട്ട റീസർവ്വേ നമ്പർ 384/1 ൽപ്പെട്ട 0.6475 ഹെക്ടർ സ്ഥലത്ത് കൺവെൻഷൻ സെന്റർ വിഭാഗത്തിൽപെട്ട കെട്ടിടം നിർമ്മിക്കുന്നതിന് പെരിങ്ങോട്ടുകറിശ്ശി ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിട നിർമ്മാണ പെർമിറ്റ് നേടുകയും പിന്നീട് ടി പെർമിറ്റ് നേടിയ കാര്യം മറച്ചുവെച്ച് അതേ സ്ഥലത്ത് എ2 വിഭാഗത്തിൽപ്പെടുന്ന ഹോട്ടൽ & റിസോർട്ട് പണിയുന്നതിനുള്ള അപേക്ഷ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത അപേക്ഷ സാങ്കേതിക കാര്യങ്ങൾ പരിശോധിക്കുന്നതിനായി എൽ.എസ്.ജി.ഡി അസിസ്റ്റന്റ്*

എൻജിനിയർക്ക് നിശ്ചിത സമയത്തിനകം തന്നെ നല്കിയിട്ടുള്ളതും, അസിസ്റ്റന്റ് എൻജിനിയറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 23 അപാകതകൾ പരിഹരിക്കുന്നതിനായി 6/11/2019 ന് അപേക്ഷ സങ്കേതം സോഫ്റ്റ്‌വെയറിൽ തിരിച്ചയച്ചിട്ടുള്ളതാണ്. അപാകതകൾ പരിഹരിച്ചതായി കാണിച്ച് തിരികെ ലഭിച്ച അപേക്ഷയിലും അപാകതകൾ പൂർണമായും പരിഹരിക്കാത്തതിനാൽ 16/11/2019 ന് അപേക്ഷ നിരസിച്ചിട്ടുള്ളതാണ്.

20/11/2019 ന് അപേക്ഷകൻ പുതിയ അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിക്കവെ ടി പ്ലോട്ടിൽ Existing Building എന്ന് പ്ലാനിൽ കാണിച്ചിരുന്ന ഭാഗത്ത് പെർമിറ്റ് എടുക്കാതെ കെട്ടിട നിർമാണം നടക്കുന്നത് ശ്രദ്ധയിൽപ്പെടുകയും ആയത്കൂടി പ്ലാനിൽ രേഖപ്പെടുത്തി FAR, Coverage എന്നിവയിൽ മാറ്റം വരുത്തി പ്ലാൻ പുനഃസമർപ്പിക്കാൻ 9/12/2019 ന് കത്ത് നൽകി. എന്നാൽ 90.38 $M^2$ വാണിജ്യാവശ്യ കെട്ടിടം പണിയുന്നതിന് പുതിയ ഒരു അപേക്ഷ സമർപ്പിക്കുകയാണുണ്ടായത്. ടി വാണിജ്യാവശ്യ കെട്ടിട വിവരങ്ങൾ കൂടി മുൻ അപേക്ഷയിൽ ഉൾപ്പെടുത്തി പുനഃസമർപ്പിക്കാൻ 24/12/2019 ന് അപേക്ഷകന് കത്ത് നൽകിയിട്ടുണ്ട്.

മേൽ പ്ലോട്ടിലെ അനധികൃത നിർമ്മാണം കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 220(ബി), 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 23(1), 23(2) എന്നിവയുടെ ലംഘനമുള്ളതായി ബോധ്യപ്പെട്ടതിനാൽ പ്രസ്തുത കെട്ടിടത്തിലെ ചട്ട ലംഘനമുള്ള ഭാഗങ്ങൾ പൊളിച്ച് നീക്കുന്നതിന് സെക്രട്ടറി 09/12/2019 ന് താൽകാലിക ഉത്തരവും തുടർന്ന് 3/1/2020 ന് അന്തിമ ഉത്തരവും നൽകിയിട്ടുള്ളതാണ്. ആയതിനെതിരെ ബഹു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷകൻ ഹർജി നൽകുകയും ബഹു. ട്രൈബ്യൂണൽ പെരിങ്ങോട്ടുകറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/01/2020 ലെ ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത അനധികൃത നിർമ്മാണം നടത്തിയ 6 സെന്റ് ഭൂമി ശ്രീമതി. ചിത്ര W/o സുരേന്ദ്രൻ എന്നയാളുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചട്ട ലംഘനമുള്ള ഭാഗങ്ങൾ പൊളിച്ച് നീക്കിയ ശേഷം ടിയാളുടെ പേരിൽ ടി നിർമ്മാണം ക്രമവത്കരിക്കുന്നതിന് അപേക്ഷ നല്കുകയും ആയതിൽ പ്രകാരം ടി കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുള്ളതുമാണ്.

ശ്രീ. സുരേന്ദ്രൻ മേൽ 6 സെന്റ് ഭൂമി പ്ലാനിൽ നിന്ന് ഒഴിവാക്കി പുതിയ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ 13/03/2020 തീയതി നൽകുകയും ആയത് 17/03/2020 ന് അസിസ്റ്റന്റ് എൻജിനിയർക്ക് പരിശോധനയ്ക്കായി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് കോവിഡ് 19 ലോക് ഡൗൺ ആയതിനാൽ 11/06/2020 നാണ് അസിസ്റ്റന്റ് എൻജിനീയറുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൻ പ്രകാരം അപേക്ഷയോടൊപ്പം നൽകിയിരിക്കുന്ന ഫയർ & സേഫ്റ്റി, എൻ.ഒ.സി 1504.44 $M^2$ വിസ്തീർണ്ണമുള്ള അസംബ്ലി കെട്ടിടം പണിയുന്നതിനാണ്. എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ A2 വിഭാഗത്തിൽപ്പെടുന്ന 3844.81 $M^2$ വിസ്തീർണ്ണമുള്ള ഹോട്ടൽ & റിസോർട്ട് പണിയുന്നതിനായാണ്. ഫയർ & സേഫ്റ്റി എൻ.ഒ.സി ലഭ്യമാക്കി സമർപ്പിക്കുന്നതിന് ശ്രീ. സുരേന്ദ്രന് 15/06/2020 ന് സെക്രട്ടറി നൽകിയ കത്ത് കൈപ്പറ്റുന്നതിന് വിസ്സമ്മതിച്ച് തിരിച്ചുവന്നിട്ടുള്ളതുമാണ്. നാളിതുവരെ പ്രസ്തുത ഫയർ & സേഫ്റ്റി എൻ.ഒ.സി സമർപ്പിച്ചിട്ടില്ല. ശ്രീ. സുരേന്ദ്രൻ അനധികൃത നിർമ്മാണം നടത്തുകയും പിന്നീട് പ്രസ്തുത 6 സെന്റ് ഭൂമി ശ്രീമതി ചിത്രയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചട്ട ലംഘനമുള്ള ഭാഗങ്ങൾ പൊളിച്ച് നീക്കിയ ശേഷം ക്രമവത്കരിക്കുകയും നമ്പർ നൽകുകയും

*ചെയ്ത കെട്ടിടത്തിൽ നമ്പർ ലഭിച്ച ശേഷം പൊളിച്ചു നീക്കിയ ഭാഗങ്ങൾ വീണ്ടും നിർമിച്ച് നിയമ ലംഘനം തുടരുന്നതായി കാണുന്നു. കൂടാതെ ടി കെട്ടിടത്തിന്റെ തുടർച്ചയായി കെട്ടിടത്തിന് പിന്നിൽ ഇരുമ്പ് തൂണുകൾ ഉപയോഗിച്ച് അനുമതി കൂടാതെ **10** സെന്റോളം സ്ഥലത്ത് കെട്ടിടം നിർമ്മിച്ചതായി കാണുന്നു. പ്രസ്തുത നിയമ ലംഘനത്തിനെതിരെ നിയമാനുസൃത നടപടി എടുക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ വാണിജ്യാവശ്യ, കെട്ടിട നിർമാണ വിവരങ്ങൾകൂടി മുൻപ് സമർപ്പിച്ച പ്ലാനിൽ ഉൾപ്പെടുത്തി പുതിയ പ്ലാനും, അപേക്ഷയും സമർപ്പിക്കാൻ സെക്രട്ടറി കത്ത് നല്കിയത് ക്രമപ്രകാരമാണ്.*

*കൂടാതെ പ്രസ്തുത അപേക്ഷയിലെ പ്ലാനിൽ വടക്കുപടിഞ്ഞാറ് ഭാഗത്ത് **Existing Building** എന്ന് രേഖപ്പെടുത്തുകയും പ്രസ്തുത സ്ഥലത്ത് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് **220(ബി), 2019** ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം **23(1), 23(2)** എന്നിവ ലംഘിച്ച് കെട്ടിടം നിർമ്മിച്ചതിനെതിരെ നടപടി എടുത്തതും നിയമാനുസൃതമാണ്. അപ്രകാരം അപേക്ഷ നൽകിയ ഭൂമിയിലെ അനുമതി ആവശ്യപ്പെടുന്നത് കൂടാതെ മറ്റ് നിർമ്മിതികൾ കൂടി കണക്കിലെടുക്കുമ്പോൾ അപേക്ഷയിലെ കെട്ടിടത്തിന്റെ **FAR, Coverage** എന്നിവയിൽ വ്യത്യാസം വന്നതിനാൽ പുതിയ അപേക്ഷ നൽകാൻ ആവശ്യപ്പെട്ടതും ക്രമപ്രകാരമാണ്. അപേക്ഷകനായ ശ്രീ. സുരേന്ദ്രൻ, സെക്രട്ടറി നിയമാനുസൃതം നൽകിയ കത്തുകളിലെ നിർദേശങ്ങൾ മുഴുവൻ പാലിക്കാതിരിക്കുകയും, ടിയാളുടെ ഇഷ്ടാനുസരണം അനധികൃതനിർമ്മാണം നടത്തിയതുമാണ് ടിയാൾക്ക് പെർമിറ്റ് ലഭിക്കാതിരുന്നതിന് കാരണമായിട്ടുള്ളത്. കോവിഡ് **19** ലോക് ഡൗൺ കാലത്ത് മുന്ന് മാസത്തോളം വൈകിയതൊഴികെ സെക്രട്ടറിയുടെ ഭാഗത്തുനിന്നും ബോധപൂർവ്വമായ കാലതാമസമോ, വീഴ്ചയോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.*

5) തുടർന്ന്, ശ്രീ.ബാബു.ഒ.എ.-ക്കെതിരെ **KCS(CC & A) Rules 1960** ചട്ടം **15** പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം **(5)** പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ല ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് പരാമർശം **(6)** പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി ഔപചാരിക അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

*ഒരു സംരംഭകനെ ഏതൊക്കെ രീതിയിൽ തടസ്സം സൃഷ്ടിക്കാം എന്നതിന് ഉത്തമ ഉദാഹരണം ആണ് പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത് എന്ന വിജിലൻസ് കണ്ടെത്തൽ തികച്ചും ശരിയല്ല. വിഷയവുമായി ബന്ധപ്പെട്ടു ഫയലുകൾ പരിശോധിച്ചതിലും, ഉദ്യോഗസ്ഥരുടെ മൊഴി പ്രകാരവും പരാതിക്കാരനെ ബുദ്ധിമുട്ടിക്കുന്ന രീതിയിൽ ഉള്ള നടപടികൾ ഒന്നും തന്നെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടായതായി കാണാൻ കഴിഞ്ഞിട്ടില്ല. ലഭ്യമായ പെർമിറ്റ് അപേക്ഷകളിൽ യഥാസമയം തന്നെ സെക്രട്ടറിയും, അസിസ്റ്റന്റ് എൻജിനീയറും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. **Covid 19** മഹാമാരിയുമായി ബന്ധപ്പെട്ട കാലയളവ് ഒഴികെ അപേക്ഷയുടെ ഒരു ഘട്ടത്തിലും ഒരു കാലതാമസവും ഉണ്ടായിട്ടില്ല.*

*വിജിലൻസ് ശിപാർശയിൽ പറയുന്ന ഒക്യുപൻസി നൽകുന്ന വേളയിൽ ക്രമവല്ക്കരിക്കപ്പെടാവുന്ന അപാകതകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് പറയുന്നത് നിലവിലുള്ള **KPBR** ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ ആയത് നിയമപരമല്ല. കൂടാതെ കരാറിൽ ഏർപ്പെട്ടു പൊളിച്ച് മാറ്റാം എന്ന വ്യവസ്ഥയിൽ നിർമ്മാണാനുമതി നൽകുന്നതിനു ചട്ടങ്ങളോ, നിയമങ്ങളോ പ്രകാരം അനുവദനീയമല്ല.*

*ഒട്ടേറെ പേർക്ക് തൊഴിൽ ലഭിക്കുന്നതും പഞ്ചായത്തിനു നികുതി വരുമാനം ലഭിക്കുന്നതുമായ പദ്ധതി ഉദ്യോഗസ്ഥരുടെ നിഷേധാത്മക നിലപാട് മൂലം 2 വർഷമാണ് വൈകിയത് എന്ന വിജിലൻസ് ശിപാർശ സംബന്ധിച്ച്, നിയമം അനുശാസിക്കും പ്രകാരമുള്ള പ്ലാനുകളും, ബന്ധപ്പെട്ട അനുബന്ധ രേഖകളും നിയമാനുസൃതം സമർപ്പിക്കാത്തതു മൂലമാണ് ടിയാന്റെ അപേക്ഷയിൽ മേൽ കെട്ടിട നിർമ്മാണ അനുമതി നൽകാൻ കഴിയാതിരുന്നത് എന്ന് കാണാവുന്നതാണ്.*

*ഇത്തരം മെല്ലെ പോക്ക് സാമ്പത്തിക ലാഭത്തിനു വേണ്ടിയാണ് എന്നുള്ളതിന് തെളിവില്ല എന്നു റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ ആരോപണ വിധേയരായ ഉദ്യോഗസ്ഥരെല്ലാം പരാതിക്കാരന്റെ അപേക്ഷയിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയതായും പറയുന്നുണ്ട്. **A2** വിഭാഗത്തിൽപ്പെടുന്ന **3844.81** ച.മി വിസ്തീർണ്ണമുള്ള ഹോട്ടൽ **&** റിസോർട്ട് പണിയുന്നതിനാണ് പരാതിക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നത്. വലിയ ഒരു പ്രോജക്ക് ആണ്. സ്വാഭാവികമായും അത്തരത്തിൽ ഒരു കെട്ടിടത്തിനു പെർമിറ്റ് അനുവദിക്കുന്നതിന് മുന്നോടിയായി കേരള പഞ്ചായത് രാജ് നിയത്തിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടോ എന്നുള്ള വിവരം അന്വേഷിച്ച് തിട്ടപ്പെടുത്തി മാത്രമേ പെർമിറ്റ് അനുവദിക്കാൻ കഴിയുകയുള്ളൂ. അത്തരത്തിൽ നിയമാനുസൃതമായ നടപടികൾ മാത്രമേ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളൂ.*

**6)** തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ഔപചാരിക അന്വേണഷ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതായ കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച അപേക്ഷയിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ബാബു ഒ.എ. യുടെ ഭാഗത്തുനിന്നും ബോധപൂർവ്വമായ കാലതാമസമോ, വീഴ്ചയോ ഉണ്ടായിട്ടില്ല എന്ന് നിരീക്ഷിക്കുന്നു. എന്നിരുന്നാലും, ഭാവിയിൽ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണെന്ന സദുദ്ദേശം മുൻനിർത്തി പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്, സെക്രട്ടറി, ശ്രീ.ബാബു ഒ.എ-ക്കെതിരെ **KCS (CC & A)Rules 1960** ചട്ടം **15** പ്രകാരം ആരംഭിച്ച നടപടിയിൽ ടിയാന് താക്കീതു നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. ബാബു ഒ.എ, മുൻ സെക്രട്ടറി, പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് പാലക്കാട് *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, പാലക്കാട്.
6. വിജിലൻസ് (ഡി) വകുപ്പ് *(**15/12/2025** തീയതിയിലെ **VIG-D2/376/2025-VIG** നമ്പർ കുറിപ്പ് പ്രകാരം).*
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. *(ഫയൽ നം. ഇപിബി3/96/2022/തസ്വഭവ.)*

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 08-01-2026 12:58:18**

സെക്ഷൻ ഓഫീസർ